പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3306 19.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യ്ക്ക് സി.എൻ.ജി. ഇന്ധനത്തിന്റെ ലഭ്യത

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ
" മോൻസ് ജോസഫ്
" സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ്

ഉത്തരം

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ. ടി.സി. യ്ക്ക് സി.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന എത്ര ബസ്സുകളാണ് ഉള്ളത്; നിലവിൽ ഇവ സർവ്വീസ് നടത്തുന്നുണ്ടോ; എന്നാണ് പ്രസ്തുത ബസ്സുകൾ വാങ്ങിയത്; | (എ) | കെ.എസ്.ആർ.ടി.സി.യിൽ സി.എൻ.ജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു ബസ് സർവ്വീസ് നടത്തുന്നുണ്ട്. 05.01.2017 ലാണ് ഈ ബസ് വാങ്ങിയത്. |
| (ബി) | നിലവിൽ പ്രസ്തുത ബസ്സുകൾ ഓടിയ്ക്കുന്നതിനാവശ്യമായ ഇന്ധനം എപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കളമശ്ശേരിയിലുള്ള പമ്പിൽ നിന്നുമാണ് ബസ്സ് ഓടിക്കുന്നതിന് ആവശ്യമായ ഇന്ധനം നിറയ്ക്കുന്നത്. |
| (സി) | സി.എൻ.ജി. ഇന്ധനത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരത്ത് ഫില്ലിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരത്ത് ഫില്ലിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ